"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ത സ്വ ഭ വകുപ്പ് - ശ്രീ.ശങ്കരൻ ആർ., ശങ്കരാലയത്തിന് ഭവന നിർമ്മാണ ധനസഹായമായി ലഭിച്ച തുകയുടെ പലിശ ഒഴിവാക്കിക്കൊണ്ട് മുതൽ മാത്രം തിരിച്ചടച്ച് വസ്തു വിൽക്കുന്നതിന് പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി ഇ)വകുപ്പ്**

സ.ഉ.(സാധാ) നം.1781/2024/LSGD തീയതി,തിരുവനന്തപുരം, 26-09-2024

---

പരാമർശം:-

1. തിരുവനന്തപുരം നഗരസഭയുടെ കൗൺസിൽ തീരുമാനം നം.3(സി)39 തീയതി 16-12-2022
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 23-03-2024ലെ LSGD/PD/57497/2023-DPLD5 നമ്പർ കത്ത്

**ഉത്തരവ്**

ശ്രീ. ശങ്കരൻ ആർ., ശങ്കരാലയം DLRA, B12 A, ദർശന ലൈൻ, കരകുളത്തിന് തിരുവനന്തപുരം നഗരസഭയിൽ നിന്നും 2008-09 കാലഘട്ടത്തിൽ ഭൂമിയ്ക്കും ഭവനത്തിനും ധനസഹായം അനുവദിക്കുകയും, ടിയാൻ ഭൂമി വാങ്ങുകയും ചെയ്തു. നാലു ഗഡുക്കളിൽ രണ്ട് ഗഡു കൈപ്പറ്റിയെങ്കിലും ഭവന നിർമ്മാണം പൂർത്തീകരിക്കാത്തതും തുടർഗഡുക്കൾ കൈപ്പറ്റിയിട്ടില്ലാത്തതുമാണ്. നിലവിൽ ടിയാൻ ക്യാൻസർ രോഗ ബാധിതനായി, തുടർ ചികിത്സയ്ക്ക് സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്നതിനാൽ, ടി വസ്തു വിൽക്കുന്നതിനുള്ള അനുമതിയ്ക്കായി അപേക്ഷിച്ചിരുന്നു. ഭവനപദ്ധതി പ്രകാരം കൈപ്പറ്റിയ തുകയുടെ 12 ശതമാനം നിരക്കിലുള്ള പലിശയും കൈപ്പറ്റിയ തുകയും ഉൾപ്പെടെ തിരികെ ഒടുക്കിയാൽ കരാർ റദ്ദു ചെയ്ത് പ്രമാണം തിരികെ ലഭിക്കുന്നതാണ്. ശ്രീ. ശങ്കരൻ " മണ്ണും വീടും "പദ്ധതി പ്രകാരം 2008-2009 കാലയളവിൽ സ്ഥലം വാങ്ങുന്നതിന് 45,000/- രൂപയും വീട് വയ്ക്കുന്നതിന് 2011 കാലയളവിൽ ഒന്നാം ഗഡുവായി 11,250/- രൂപയും രണ്ടാം ഗഡുവായി 22,500/- രൂപയും കൈപ്പറ്റിയിരുന്നു. ടി തുകയുടെ 12 ശതമാനം നിരക്കിൽ നാളിതുവരെയുള്ള പലിശയും കൈപ്പറ്റിയ തുകയും തിരികെ ഒടുക്കിയാൽ ടിയാൻ ആവശ്യപ്പെട്ട വിൽപ്പനാധികാരം നൽകാവുന്നതാണെന്നും, അപേക്ഷകൻ ക്യാൻസർ രോഗ ബാധിതനായതിനാലും തുടർ ചികിത്സയ്ക്ക് സാമ്പത്തിക ബുദ്ധിമുട്ട്

അനുഭവിക്കുന്നതിനാലും ടിയാന്റെ നിലവിലെ സ്ഥിതി കണക്കിലെടുത്ത് ഒരു പ്രത്യേക കേസായി പരിഗണിച്ച് നടപടി സ്വീകരിക്കണമെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം 1 പ്രകാരം ശിപാർശ ചെയ്യുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ക്യാൻസർ രോഗബാധിതനായതിനാലും തുടർ ചികിത്സയ്ക്ക് സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്നതിനാലും തിരുവനന്തപുരം നഗരസഭ എടുത്ത കൗൺസിൽ തീരുമാനം ,തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ ശിപാർശ എന്നിവ പരിഗണിച്ചുകൊണ്ട് ശ്രീ.ശങ്കരൻ ആർ., ശങ്കരാലയം, DLRA B12A, ദർശൻ ലെയിൻ, കരകുളം, തിരുവനന്തപുരം എന്ന ഗുണഭോക്താവിന് ഭവന നിർമ്മാണ ധനസഹായമായി ലഭിച്ച തുകയുടെ പലിശ ഒഴിവാക്കിക്കൊണ്ട് മുതൽ തുക മാത്രം തിരിച്ചടച്ച് വസ്തു വിൽക്കുന്നതിന് പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡീഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്തിരുവനന്തപുരം
സെക്രട്ടറി,തിരുവനന്തപുരം നഗരസഭ
ശ്രീ. ശങ്കരൻ ആർ., ശങ്കരാലയം, DLRA B12A,ദർശൻ ലെയിൻ, കരകുളം,
തിരുവനന്തപുരം
ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ( എ&ഇ /ഓഡിറ്റ്),കേരള, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ,വെബ്&ന്യൂ മീഡിയ ,ഐ.&പി.ആർ.ഡി.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Sheeba. S. C
Date: 27-09-2024 09:43:27
സെക്ഷൻ ഓഫീസർ